**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2505 09/07/2015 ൽ മറുപടിയ്ക്ക്**
**പാഠപുസ്തക അച്ചടി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എ.കെ.ബാലൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ വർഷത്തെ പാഠപുസ്തക അച്ചടി ഏൽപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പുസ്തകം അച്ചടിക്കാനുള്ള ഓർഡർ എന്നാണ് നൽകിയത് ;എന്ന് അച്ചടി പൂർത്തിയാക്കി നൽകണമെന്നായിരുന്ന കരാർ വ്യവസ്ഥ; | (എ) | 11-11-2014-ൽ സർക്കാർ ഉത്തരവ് 4290/15/പൊ.വി.വ പ്രകാരം അച്ചടിയ്ക്കുള്ള പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവും ഫെബ്രുവരി മാസത്തിൽ ടെക്സ്റ്റ് ബുക്ക് ഓ ഫീസിൽ നിന്ന് കെ.ബി.പി.എസ്-ന് 1 മുതൽ 10 വരെയുള്ള പുസ്തകങ്ങൾ അച്ചടിക്കാനുള്ള പ്രിൻറ് ഓ ർഡർ നൽകുകയും പൊതുവിദ്യാഭ്യാസ സെക്രട്ടറിയും കെ.ബി.പി.എസ് മാനേജിംഗ് ഡയറക്ടറുമായി ഒപ്പ് വച്ച് ധാരണാപത്രപ്രകാരം Vol-I പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുമ്പും Vol -II 31/10-നകം തീർക്കണമെന്നായിരുന്ന വ്യവസ്ഥ. C-apt-ൽ 2015-16 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് DHSE 25/02/2015 തീയതിയിൽ അച്ചടി ഉത്തരവ് നൽകി. 2015 മെയ് 15 നകം വിതരണം ചെയ്യണമെന്നാണ് നിർ ദ്ദേശിച്ചിരിക്കുന്നത്. |
| ബി) സംസ്ഥാനത്തിന് പുറത്തോ, സ്വകാര്യ പ്രസ്സുകളിലോ ഈ വർഷം പുസ്തകങ്ങൾ അച്ചടിക്കാൻ ഓർഡർ നൽകിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഇവർക്കുള്ള കരാർ വ്യവസ്ഥകൾ വ്യക്തമാക്കുമോ? | ബി) | ഇല്ല. |
| സി) സംസ്ഥാനത്ത് കരാർ നൽകിയ സർക്കാർ സ്ഥാപനങ്ങൾ അച്ചടി മറ്റ് സ്വകാര്യ പ്രസ്സുകൾക്ക് മറിച്ച് നൽകിയതായി സർക്കാരിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സി) | സി-ആപ്റ്റിൽ നിന്നും ഈ അദ്ധ്യയനവർഷം (2015-16) പ്ലസ് വൺ, പ്ലസ് 2 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Lovely Offset Printers, M/s Manipal Technologies |

എന്നീ പ്രസ്സുകൾക്ക് ഡിപ്പാർട്ട്മെൻറ് പർച്ചേസ് കമ്മിറ്റി (DPC) യുടെ അംഗീകാരത്തിന് വിധേയമായി അച്ചടിജോലി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ